## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3318

25.06.2012-ൽ മറുപടിക്ക്.

## യാത്രക്കാരുടെ ബാഗേജിൽ നിന്നുമുള്ള മോഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനലിൽ എത്തുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള യാത്രക്കാരുടെ ബാഗേജുകളിൽ നിന്നും സ്വർണ്ണമടക്കമുള്ള വിലയേറിയ സാധനങ്ങൾ കൊള്ളയടിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം വിമാന ത്താവളത്തിൽ 22/4/2012 ന് കുറച്ച് സാധനങ്ങൾ ചുറ്റുമതിലിന് പുറത്ത് കാണുകയുണ്ടായി. EMIRATES AIRLINES ന്റെ കാർഗോ കൈകാര്യം ചെയ്യാനായി AIR INDIA യുടെ കരാർ ജോലി ഏറ്റെടുത്തിട്ടുള്ള സ്ഥാപനത്തിലെ ചില താൽക്കാലിക ജീവനക്കാർ നാല് കാർഗോ പാക്കറ്റുകൾ മതിലിന് പുറത്ത് എറിഞ്ഞ് മോഷണം നടത്തുവാൻ ശ്രമിച്ചു. എന്നാലിത് സമീപവാസികളുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ മോഷണ ശ്രമം വിഫലമായി. EMIRATES AIRLINES നൽകിയ പരാതിയിൻമേൽ വലിയതുറ പോലീസ് കേസെടുത്ത് അന്വേഷണം നടത്തുകയും നാല് പ്രതികളെ പിടിക്കുകയും ചെയ്തു. കേസ്സിപ്പോൾ കോടതിയുടെ പരിഗണനയിലാണ്. കാർഗോ കോംപ്ലക്സിന് പുറത്ത് , എയർ പോർട്ടിനുള്ളിൽ വെച്ച് നടന്ന ഇത്തരം മോഷണ ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സത്വര നടപടികൾ AIRPORTS |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | വിമാനത്തിന്റെ ബാഗേജ് ഹോൾഡ് ഏര്യായിലും ഇത്തരത്തിൽ കൊള്ള നടത്താറുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | AUTHORITY യും CISF ഉം ചേർന്ന് എടുത്തിട്ടുണ്ട്. കൂടാതെ എയർപോർട്ട് Perimeter സുരക്ഷ CISF മുഖേന ശക്തിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില വിമാന കമ്പനികളുടെ കരാർ ജോലി ഏറ്റെടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ചില താൽക്കാലിക ജീവനക്കാരുടെ ഭാഗത്ത് നിന്നും മോഷണ ശ്രമങ്ങൾ ഉണ്ടായിട്ടുള്ളതായി തിരുവനന്തപുരം വിമാന ത്താവളത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ട്. ഈ സംഭവത്തെ തുടർന്ന് പോലീസ് കേസെടുത്ത് അന്വേഷിക്കുന്നുണ്ട്. എയർപോർട്ടിനുള്ളിൽ വെച്ച് നടന്ന ഇത്തരം മോഷണ ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സത്വര നടപടികൾ AIRPORTS AUTHORITY യും CISF ഉം ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യവുമായി ബന്ധപ്പെട്ട് 2012 ഏപ്രിൽ മാസം എയർപോർട്ട് അതോറിറ്റി വിളിച്ചുകൂട്ടിയ വിമാനകമ്പനികളുടെ പ്രതിനിധികളുടേയും സുരക്ഷാ ഏജൻസി തലവൻ, കസ്റ്റംസ് അടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ; | (ഡി) | 23.4.2012 ൽ എയർലൈനുകളും ഏജൻസികളുമായി നടത്തിയ മീറ്റിംഗ് കാർഗോയെ സംബന്ധിച്ച് മാത്രമായിരുന്നു. |
| (ഇ) | മോഷണശ്രമം നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ